മലയാള മനോരമ
ESTABLISHED 1888
21 January 2017

# സമുദ്രം മലിനമാക്കുന്ന പ്ലാസ്റ്റിക്കിനെതിരെ കലയിലൂടെ ബോധവൽക്കരണം

കൊച്ചി • സമുദ്രം പ്ലാസ്റ്റിക് മൂലം മലിനപ്പെടുന്നതിനെതിരെ ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി സെൻട്രൽ മറൈൻ ഫിഷറീസ് റിസർച് ഇൻസ്റ്റിറ്റ്യൂട്ട് (സിഎംഎഫ്ആർഐ) കൊച്ചിൻ ഷിപ്‌യാർഡിന്റെ സഹകരണത്തോടെ ഫോർട്ട്കൊച്ചി സൗത്ത് ബീച്ചിൽ 'മൽസ്യങ്ങളുടെ ശ്മശാനം' എന്ന പേരിൽ ആർട്ട് ഇൻസ്റ്റലേഷൻ തയാറാക്കുന്നു.

2500 ചതുരശ്ര അടി വ്യാപ്തിയും 13 അടി ഉയരവുമുള്ളതാണ് ഇൻസ്റ്റലേഷൻ. ചിത്രകാരന്മാരായ മനോജ് ബ്രഹ്മമംഗലവും പ്രമോദ് ഗോപാലകൃഷ്ണനുമാണു കലാസൃഷ്ടി നിർമിച്ചിരിക്കുന്നത്. ഇതോടനുബന്ധിച്ചുള്ള ബോധവൽക്കരണ പരിപാടികളുടെ ആശയവും രൂപവൽക്കരണവും നിർവഹിക്കുന്നത് ആന്റണി ഫെലിക്സും അജികുമാറും ചേർന്നാണ്.

ഇൻസ്റ്റലേഷന്റെ ഉദ്ഘാടനം ഇന്ന് വൈകിട്ട് 6.30ന് മേയർ സൗമിനി ജെയിൻ നിർവഹിക്കും.

സമുദ്രത്തിൽ പ്ലാസ്റ്റിക്കിന്റെ ബാഹുല്യത്താൽ ജലജീവികൾക്ക് ഒട്ടും വാസയോഗ്യമല്ലാത്ത ഡെഡ്സോണുകൾ സൃഷ്ടിക്കപ്പെടുന്നുണ്ട്. മൽസ്യബന്ധനത്തിന് ഉപയോഗിക്കുന്ന കേരളത്തിലെ ഊന്നിവലകളിലും മഹാരാഷ്ട്രയിലെ ഡോൾനെറ്റിലും മറ്റും അവിശ്വസനീയമായ അളവിലാണു പ്ലാസ്റ്റിക് അടിഞ്ഞുകൂടിക്കൊണ്ടിരിക്കുന്നത്.

ഇതിനെതിരെ കലയിലൂടെ ബോധവൽക്കരണം നടത്തുകയാണ് ഇൻസ്റ്റലേഷനിലൂടെ ഉദ്ദേശിക്കുന്നതെന്നു കൊച്ചിൻ ഷിപ്‌യാർഡ് ജനറൽ മാനേജർ എം.ഡി. വർഗീസും സിഎംഎഫ്ആർഐ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ശ്യാം എസ്. സലീമും പറഞ്ഞു.